**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2089** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള സർക്കാരുമായി യോജിച്ച് ഇന്ത്യയിൽ ആദ്യമായി കൈരളി ചിപ്പ് നിർമ്മിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സെമികണ്ടക്ടർ ചിപ്പുകൾ രൂപകല്പന ചെയ്യാനും നിർമ്മിക്കാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | അക്കാദമിക് ഗവേഷണത്തിനും വികസനത്തിനുമായി നൂതന ഇലക്ട്രോണിക് ഡിസൈൻ ഓട്ടോമേഷൻ (ഇഡിഎ) ഉപകരണങ്ങൾ ഉൾപ്പെടെ ചിപ്പ് രൂപകൽപ്പനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വൈദഗ്ധ്യവും ഡിജിറ്റൽ സർവകലാശാലയിൽ ലഭ്യമാണ്. |
| (സി) | ഇല്ലെങ്കിൽ സെമികണ്ടക്ടർ കെ-ചിപ്പ് വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്തതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ചിപ്പ് 100% ഇന്ത്യയിൽ രൂപകൽപ്പന ചെയ്തതാണെങ്കിലും ഇത്തരം ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫൗണ്ട്രി ഇന്ത്യയിൽ നിലവിലില്ലാതിരുന്നതിനാൽ വിദേശത്ത് നിന്ന് ഫാബ്രിക്കേറ്റ് ചെയ്ത് കൊണ്ടുവരുകയാണുണ്ടായത്. |
| (ഡി) | സ്വന്തമായി ചിപ്പ് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർക്ക് മുഖ്യമന്ത്രിയുടെ കീഴിലുള്ള ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് 25 ലക്ഷം രൂപ പാരിതോഷികമായി അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | കേരളം ആദ്യമായി കൈവരിച്ച കെ-ചിപ്പ് നിർമ്മാണ നേട്ടത്തിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാരിന്റെ 'ചിപ്പ് ടു സ്റ്റാർട്ടപ്പ്' പദ്ധതിയിലേക്ക് കൈരളി ചിപ്പ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ